# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2299** **18/06/2014-ൽ മറുപടിക്ക്**

## സാന്ത്വന പരിചരണരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ

**ചോദ്യം** | **മറുപടി**

**ശ്രീ. ഇ. പി. ജയരാജൻ**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാന്ത്വന പരിചരണരംഗത്തു പ്രവർത്തിക്കുന്ന അംഗീകാരമുള്ള സന്നദ്ധ സംഘടനകളും അവയുടെ സ്ഥാപനങ്ങളും ഏതെല്ലാമാണ് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ; | (എ) | സാന്ത്വന പരിചരണ രംഗത്ത് സന്നദ്ധ സംഘടനകൾ ഒരു വലിയ പങ്കാളിത്തം വഹിക്കുന്നുണ്ട്. ഇന്ന് ഭവന സന്ദർശന പരിചരണം (ഹോം കെയർ) നൽകുന്ന മുന്നൂറിലേറെ സന്നദ്ധ സംഘടനകൾ നിലവിലുണ്ട്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഇവയിൽ പല സംഘടനകളുടെയും പല പ്രവർത്തനങ്ങളിൽ ഒന്നു മാത്രമാണ് സാന്ത്വന പരിചരണം. അതുകൊണ്ടു തന്നെ ഈ സംഘടനകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല. |
| (ബി) | സാന്ത്വന പരിചരണരംഗത്തെ സന്നദ്ധ സംഘടനകളും ആരോഗ്യ വകുപ്പും തമ്മിലുള്ള ഏകോപനം എങ്ങനെയാണ് നടക്കുന്നത് ; | (ബി) | സാന്ത്വന പരിചരണ രംഗത്ത് സേവനം ലക്ഷ്യമാക്കിക്കൊണ്ട് ആരോഗ്യ വകുപ്പും സന്നദ്ധ സംഘടനകളും ലാഭരഹിതമായ സഹകരണത്തിന് പല പ്രവർത്തി മണ്ഡലങ്ങളിലും ഏർപ്പെടാറുണ്ട്. സാന്ത്വന പ്രവർത്തകരുടെയും, ജീവനക്കാരുടെയും പരിശീലനം, ഭവന സന്ദർശനത്തിനുള്ള യാത്രാ സൗകര്യം, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തുള്ള സാന്ത്വന ചികിത്സ തുടങ്ങിയ മേഖലകളിൽ ആരോഗ്യ വകുപ്പും സന്നദ്ധ സംഘടനകളും സഹകരണത്തിൽ ഏർപ്പെടാറുണ്ട്. ഇതിന്റെ ഏകോപനം NRHM. പാലിയേറ്റീവ് കെയർ പ്രോഗ്രാമിന്റെ ജില്ലാ നേതൃത്വവും ആരോഗ്യ വകുപ്പിന്റെ ജില്ലാ നേതൃത്വവുമാണ് ജില്ലാ തലത്തിൽ നടപ്പിലാക്കി വരുന്നത്. |
| (സി) | സാന്ത്വന പരിചരണ രംഗത്തുള്ള സന്നദ്ധ സംഘടനകൾക്ക് എന്തെല്ലാം ഇൻസ്റ്റിറ്റ്യൂഷണൽ സപ്പോർട്ടാണ് നൽകുന്നത് ; | (സി) | സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ നടക്കുന്ന സാന്ത്വന പരിചരണ പദ്ധതികൾക്ക് സാമ്പത്തിക സഹായം ആരോഗ്യ വകുപ്പിൽ നിന്ന് ലഭ്യമാക്കാറില്ല. സാങ്കേതികമായ സഹായം ഡോക്ടർമാരുടെയും, ജീവനക്കാരുടെയും സേവനം, പരിശീലനം, സെക്കന്ററി കെയർ, ഉപകരണങ്ങളുടെയും മരുന്നുകളുടെയും വിതരണം എന്നിവ ആരോഗ്യ വകുപ്പ് മുഖേന ലഭ്യമാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സാന്ത്വന പരിചരണ രംഗത്തു നല്ല രീതിയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് അവശ്യ മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | സാന്ത്വന പരിചരണ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സൗജന്യമായി ലഭ്യമാക്കുവാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ ഇക്കാര്യം തത്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ